(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ 10-1-2012 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 6/2012/PWD പ്രകാരം ഇ-പേയ്മെന്റ് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനെ തുടർന്ന് 15-2-2012 തീയതിയിലെ സർക്കാർ സർക്കുലർ നമ്പർ 28609/H3/2010/PWD പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും കിട്ടേണ്ടതായ തുക, അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി, താരതമ്യേന എളുപ്പത്തിലും ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ സാധിക്കും.

(സി) പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി. വകുപ്പ്, എൻ.ഐ.സി., എസ്.ബി.ഐ., എസ്.ബി.റ്റി. തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്. ബിൽ ഡിസ്ക്കൗണ്ട് സമ്പ്രദായംവഴിയുള്ള പേയ്മെന്റ് പൂർണ്ണമായും ഇ-പെയ്മെന്റ് വഴിയാക്കിയിട്ടുണ്ട്.

കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

307(3194) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗത്തിൽ ഉൾപ്പെടുന്ന, കൊണ്ടോട്ടി ഗവൺമെന്റ് കോളേജിന് ആസ്തിവികസന ഫണ്ടിൽ നിന്നും 2.50 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ ചാലിയപ്രം ഗവൺമെൻറ് സ്കൂളിന് ഒരു കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ;

(സി) കൊണ്ടോട്ടി പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ മുകൾനില പണിയുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ചാലിയപ്രം ഗവൺമെന്റ് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കൊണ്ടോട്ടി പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ മുകൾനില പണിയുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്

308(3195) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന "ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്"-ന്റെ പ്രവർത്തനം ഏതു ഘട്ടം വരെയായി; വ്യക്തമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു മെഗാപദ്ധതി നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 21 പദ്ധതികൾ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിന് 10-6-2015-ലെ സ.ഉ.(സാധാ)നമ്പർ 801/15/പൊ.മ.വ. പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly